LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാന ജീവനക്കാരുടെ പണിമുടക്ക് സമരം

5. [5] പ്രൊഫ. കെ. വി. തോമസ് :
ശ്രീ. പി. ടി. തോമസ് :
,, കെ. സി. ജോസഫ്:
,, വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005 ജൂലായ് 5, സെപ്റ്റംബർ 29 എന്നീ ദിവസങ്ങളിൽ സംസ്ഥാന ജീവനക്കാർ പണി മുടക്കുസമരം നടത്തുകയുണ്ടായോ;

(ബി) ഏത് സംഘടനയുടെ ആഭിമുഖ്യത്തിലാണ് ഈ പണിമുടക്കുസമരം നടത്തിയത്;

(സി) ഈ സമരത്തിലോരോന്നിലും എത്ര പേർ വീതം പങ്കെടുത്തതായാണ് കണക്ക്;

(ഡി) പിന്നീട് എത്ര പേർ അവധിക്കപേക്ഷിക്കുകയും എത്ര പേർക്ക് അവധി അനുവദിക്കുകയും ചെയ്തു;

(ഇ) പ്രസ്തുത ദിവസങ്ങളിൽ ഹാജരായിരുന്നവരും അവധിക്കപേക്ഷിച്ച് അവധി അനുവദിക്കുകയും ചെയ്തവരൊഴിച്ച് എത്ര ശതമാനം പേർ ആ ദിവസങ്ങളിലെ സമരത്തിൽ പങ്കെടുത്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നടത്തുകയുണ്ടായി.

(ബി) ഇടതുപക്ഷ സർവ്വീസ് സംഘടനകളുടെ ആഭിമുഖ്യത്തിലാണ് ടി സമരങ്ങൾ നടത്തിയത്.

(സി—ഇ) വിവരം ശേഖരിച്ചുവരുന്നു.

മലഞ്ചരിവ് പ്രദേശത്ത് ജോലി ചെയ്യുന്ന സർക്കാർ ജീവനക്കാർക്ക് സ്ഥലംമാറ്റം

6. [6] ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എ ക്ലാസ് മലഞ്ചരിവ് പ്രദേശത്ത് ജോലി ചെയ്യുന്ന സർക്കാർ ജീവനക്കാർക്ക് മുൻഗണന നൽകി സ്ഥലംമാറ്റം നൽകുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്നാണ്; ആയതിന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) ഇത്തരത്തിൽ എ ക്ലാസ് മലഞ്ചരിവ് പ്രദേശങ്ങളിൽ ജോലി ചെയ്തു വരുന്നവർക്ക് എത്ര വർഷം ജോലി ചെയ്താലാണ് സ്ഥലം മാറ്റത്തിന് മുൻഗണന നൽകുന്നതെന്ന് വെളിപ്പെടുത്താമോ?